MONDAY

19/05/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Haripriya Devi VV (I/C)    Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/05/2025

1. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ ഫോൺ നമ്പർ. 9778436265/ 0487 243 8332/ 8330801782/ 9496108185, e -mail: rabi@kau.in

2. കേരളസർക്കാർ മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിലുള്ള മലമ്പുഴ റീജിയണൽ പൗൾട്രി ഫാമിൻ്റെ ഫോർട്ടിഫൈഡ് കോഴിവളം ജൈവ കൃഷി ചെയ്യുന്നവർക്ക് വളരെ പ്രയോജനകരമാണ്. ചാരം, മുട്ടത്തോട് കോഴി ഫാമിലെ ലിറ്റർ എന്നിവ ചേർത്ത് നന്നായി പൊടിച്ച വളം എൻ്റെ കേരളം സ്റ്റാളിൽ വില്പനക്കുണ്ട്. കിലോക്ക് 11 രൂപ. നൈട്രജൻ ഫോസ്ഫറസ് പൊട്ടാസ്യം മറ്റു ധാരാളം മൂലകങ്ങളടങ്ങിയ ഒന്നാന്തരം ഓർഗാനിക് വളം. കൂടുതൽ വേണ്ടവർ ഫാമിലേക്ക് വിളിക്കുക. അയച്ചു തരാനുള്ള ചിലവു കൂടി വഹിച്ചാൽ അതിനുള്ള ക്രമീകരണവും ചെയ്യുന്നതാണ്. വിളിക്കേണ്ട നമ്പർ 0491 2971389, 9447368196.

3. ലോക ക്ഷീരദിനമായ ജൂൺ 1-ന് ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ വിപുലമായ ക്ഷീരദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 22.05.2025 രാവിലെ 9.00 മണി മുതൽ യു.പി., ഹൈസ്കൂൾ/ഹയർ സെക്കൻ്ററി സ്കൂൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിദ്യാർത്ഥികൾക്കായി (2024-25 വർഷം അടിസ്ഥാനപ്പെടുത്തി) ഡയറി ക്വിസ്, ചിത്രരചന (വാട്ടർ കളർ), ഉപന്യാസ മത്സരം എന്നിവ നടത്തുന്നു. വേദി - ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രം, ഓച്ചിറ കല്ലൂർമുക്ക് ഐ.ഒ.സി. പമ്പിന് എതിർവശം, ബ്രഹ്മാനന്ദവിലാസം NSS കരയോഗ മന്ദിരം, പായിക്കുഴി റോഡ്, ഓച്ചിറ. മത്സരങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ 19.05.2025 വൈകിട്ട് 5.00 മണിക്ക് മുമ്പായി 0476-2698550, 8089391209 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളിൽ നിന്നുള്ള തിരിച്ചറിയൽ കാർഡ് മത്സര ദിവസം ഹാജരാക്കേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്. എല്ലാ മത്സര വിജയികൾക്ക് പാരിതോഷികവും വിതരണം ചെയ്യുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ "കേക്ക് നിർമ്മാണവും അലങ്കാരവും" എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കേക്ക് എങ്ങനെ ഉണ്ടാക്കാം, എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം, മനോഹരമായി അലങ്കരിക്കുന്നതെങ്ങിനെ എന്നീ കാര്യങ്ങളിൽ സാങ്കേതിക പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് ₹1,000/- രൂപ. താല്പര്യമുള്ളവർ 8547070773, 0487-2370773 എന്ന നമ്പറിൽ രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ബന്ധപ്പെടാവുന്നതാണ്.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ഫാമിൽ ജലസേചനത്തിനായി 7.5 H.P മോട്ടോർ പമ്പും, അനുബന്ധസാധനങ്ങളുടെയും വില സംബന്ധിച്ച് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്, തിരുവനന്തപുരം, എന്ന മേൽ വിലാസത്തിൽ അയയ്കേണ്ടതും, ക്വട്ടേൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കവറിനു പുറത്ത് 7.5 H.P മോട്ടോർ പമ്പ് സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ് ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 26/05/2025-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

6. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ജൂലൈ 02-ന് ആരംഭിക്കും. കോഴ്സ് ഫീസ് 21,000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ). റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in